(എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പട്ടുനൂൽ ഉപയോഗിച്ച് ഇവിടത്തന്നെ പട്ടുവസ്ത്രങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര മീറ്റർ പട്ടുവസ്ത്രം സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സെറിഫെഡിന്റെ അംഗസംഘമായ തിരുവനന്തപുരം സെറികൾച്ചർ സഹകരണ സംഘം മുഖേന ബാലരാമപുരം കേന്ദ്രമാക്കി പട്ടുവസ്ത്രങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ട്.

(ബി) 4000 മീറ്റർ.

വയനാട് ജില്ലയിലെ ജോലിക്ക് കൂലി ഭക്ഷണം പദ്ധതി

128 [310] *ശ്രീ. ഷിബു ബേബിജോൺ:*

,, *കെ. ബി. ഗണേഷ്കുമാർ* :

,, *ആർ. ബാലകൃഷ്ണപിള്ള*:

,, *ടി. എം. ജേക്കബ്*:

,, *ജോണി നെല്ലൂർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര തൊഴിൽദാന പദ്ധതിയായ നാഷണൽ ഫുഡ് ഫോർ വർക്ക് (ജോലിക്ക് കൂലി ഭക്ഷണം) പദ്ധതിയിൽ കേരളത്തിലെ എത്ര ജില്ലകളെ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) നടപ്പിലാക്കിയ ജില്ലകളിൽ ജില്ലാഗ്രാമ വികസന ഏജൻസിയാണോ പ്രവർത്തികൾക്ക് മേൽനോട്ടം വഹിക്കുന്നത്;

(സി) വയനാട് ജില്ലയിൽ 2004-05 വർഷത്തിൽ ഇതുവരെ എത്ര പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ഡി) ഇതിനായി എത്ര കോടി രൂപയാണ് ചെലവഴിക്കുന്നത്;

(ഇ) പ്രവർത്തികൾ ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(എഫ്) ഗ്രാമവികസന വകുപ്പുമന്ത്രിയുടെ നിർദ്ദേശപ്രകാരം ഒന്നരക്കോടി രൂപയുടെ പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയതായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഈ പദ്ധതിപ്രകാരം കോടിക്കണക്കിന് രൂപ അഴിമതി നടന്നതായി ജനപ്രതിനിധികളുടെയും രാഷ്ട്രീയ പാർട്ടികളുടെയും ആരോപണത്തെതുടർന്ന് എന്തെങ്കിലും അന്വേഷണം നടക്കുന്നുണ്ടോ; അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ വയനാട് ജില്ലയെ മാത്രമേ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ.

(ബി) അല്ല. ജില്ലാ കളക്ടർ ആണ് പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നത്. ഇക്കാര്യത്തിൽ DRDA ജില്ലാകളക്ടർക്ക് ആവശ്യമായ സഹായം നൽകും.

(സി) 286 പ്രവർത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ഡി) 17.4239 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ഇ) ഈ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്തുകൾ, എം. പി. മാർ, എം. എൽ. എ. മാർ എന്നിവരുമായി ആലോചിച്ച് കണ്ടെത്തുന്ന പ്രവൃത്തികൾ കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചുള്ള മുൻഗണനാ ക്രമമനുസരിച്ച് നോഡൽ ഓഫീസറായ ജില്ലാ കളക്ടർക്ക് ഏറ്റെടുക്കാവുന്നതാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) പ്രവർത്തികളുടെ നടത്തിപ്പിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് 174 ചെക്ക് ഡാമുകളുടെ പണികൾ താൽക്കാലികമായി നിർത്തിവയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവയുടെ സാങ്കേതികതയും മറ്റും പരിശോധിക്കുന്നതിനായി ഒരു സാങ്കേതിക സമിതിയെ നിയോഗിക്കുകയും ചെയ്തു. ഈ സമിതി 12 ചെക്ക്ഡാമുകളുടെ പ്രവൃത്തികൾ ഒഴിവാക്കാനും നിർദ്ദേശിച്ചു. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ഇപ്പോൾ പരിഗണനയിലാണ്. ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ഗവൺമെന്റ് സെക്രട്ടറിതലത്തിൽ സമഗ്രമായ ഒരു അന്വേഷണം നടത്താൻ ശുപാർശ ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഗ്രാമവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇതേപ്പറ്റി അന്വേഷണം നടത്തി ഒരുമാസത്തിനകം റിപ്പോർട്ട് നൽകുവാൻ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

6-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത 209, 242, 243, 257 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly